
കതിർ
ST.ANTONY'S HIGH SCHOOL
MUNDAKAYAM EAST, IDUKKI
little KITEs

# *Our Heavenly Patron*



# *Our School Manager*

## *Rev. Dr. James Muthanattu*



# Our Headmaster

# Mathew Scaria



# Table of Contents


ആശംസകൾ......6
ആശംസകൾ......7
ആശംസകൾ......8
OUR SCHOOL......9
ആമുഖം......12
ലിറ്റിൽ കൈറ്റ്സ്......13
ദിനാചരണങ്ങൾ......15
മഹത് വചനങ്ങൾ......16
കടംകഥകൾ......17
ചിത്രം......19
G K......20
ചിത്രം......21
The Newcomer......22
PENCIL DRAWING......24
മർമ്മരം......25
Dr. A.P.J. ABDUL KALAM......28
ഓർമ്മചെപ്പ്......29
ഓർമ്മകളിലേക്ക് ഒരു യാത്ര......29
ഉബുണ്ടു......34
വായനയുടെ പ്രാധാന്യം......35
ഇന്ത്യ......37
NEVER LIE......38
ഒരു യാത്ര......39
POEM......42
ഒറ്റപ്പെട്ട തിരമാലകൾ......43
ചിത്രം......44
ചിത്രം CRAYONS......45
Nature......46
NATURAL DISASTERS EFFECT......47
PENCIL DRAWINGS......48
"അധ്വാനിച്ചാൽ എന്തും നേടാം"......49
ചിത്രം......50
WATER COLOUR......52
മികവുതെളിയിച്ച വിദ്യാർഥികൾ......53
പ്രകൃതി......55
TECHNOLOGY AND INTERNET......56
THANKS......62

# ആശംസകൾ

ഹൈടെക് വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് വളർച്ചയുടെ പവുകളിലൂടെ മുന്നേറുകയാണ്. കുട്ടികളുടെ സർവതോന്മുഖമായ വളർച്ചക്ക് വളരെ സായകമായ ലിറ്റിൽ കൈറ്റ്സിന് എല്ലാവിധ ആശംസകളും നേരുന്നു. അതോടൊപ്പം കൈറ്റ്സിന്റെ നേതൃത്ത്വത്തിൽ രൂപീകരിച്ച ഡിജിറ്റൽ മാഗസിനും അതിനു പിന്നിൽ പ്രവർത്തിച്ച കുട്ടികൾക്കും അദ്ധ്യാപകർക്കും ആശംസകൾ നേരുന്നു.

**ഹെഡ്മാസ്റ്റർ**

# ആശംസകൾ

ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ ഡിജിറ്റൽ മാഗസിൻ '**കതിർ**' കുട്ടികൾക്കുള്ളിൽ ഉറങ്ങികിടക്കുന്ന സർഗ്ഗവാസനകളാണ് വിടരുന്നത്. ആധുനിക സാങ്കേതിക വിദ്യയിലുള്ള കുട്ടികളുടെ ശേഷി പ്രകടിപ്പിക്കുവാനുള്ള അവസരം കൂടിയാണ് കതിരിലൂടെ അവർക്ക് ലഭിക്കുന്നത്. ഈ ഉദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

ജോർജ് റ്റി മാത്യു
എസ് ഐ റ്റി സി

# ആശംസകൾ

വിവരസാങ്കേതിക വിദ്യയുടെ ശരിയായ അന്തഃസത്ത ഉൾക്കൊണ്ട് അതിന്റെ വിവിധ തലങ്ങളിൽ കൈയൊപ്പ് ചാർത്തി മുന്നേറുന്ന 'ലിറ്റിൽകൈറ്റ്സ്' ടീമംഗങ്ങളുടെ '**കതിർ**' ഉള്ളടക്കത്തിലും അവതരണത്തിലും മികവ് പുലർത്തുന്നു. ഇതിനുവേണ്ടി പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സിലെ എല്ലാവർക്കും അഭിനന്ദനങ്ങൾ.

ആൽവിൻ മൈക്കിൾ<br>കൈറ്റ് മാസ്റ്റർ

പ്രതിഭ എസ്<br>കൈറ്റ് മിസ്ട്രസ്

# OUR SCHOOL




# OUR SCHOOL LOGO

ST.ANTONY'S HIGH SCHOOL MUNDAKAYAM EAST
SSLC BATCH 2023-2024 STD - X A



ST.ANTONY'S HIGH SCHOOL MUNDAKAYAM EAST
SSLC BATCH 2023-2024 STD - X B



## ST.ANTONY'S HIGH SCHOOL MUNDAKAYAM EAST
## SSLC BATCH 2023-2024 STD - X C



## ST.ANTONY'S HIGH SCHOOL MUNDAKAYAM EAST
## SSLC BATCH 2023-2024 STD - X D



# ആമുഖം

വായന എന്നാൽ ആദ്യം മനസ്സിൽ വരിക പുസ്തകമായിരിക്കും. എന്നാൽ മാറുന്ന കാലത്ത് വായനയിൽ വരുന്ന മാറ്റങ്ങൾ കൂടി വായിക്കേണ്ടതാണ്. ഈ വായനാനുഭവം സമ്മാനിക്കാൻ ഇ - മാഗസിന് കഴിയുമെന്ന് പ്രതീക്ഷിച്ചു കൊണ്ട് സ്നേഹപൂർവം വായനക്കാർക്ക് മുൻപാകെ സമർപ്പിക്കുന്നു.

# ലിറ്റിൽ കൈറ്റ്സ്

സ്കൂളുകളിൽ രൂപീകൃതമൊയിരിക്കുന്ന ലിറ്റിൽ കൈറ്റ്സ് സംസ്ഥൊനത്തെ വിവിധ സ്കൂളുകളിൽ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ഹൊർഡ്വെയർ, ഇലക്ട്രൊണിക്സ്, സൈബർ സുരക്ഷ, മലയൊളം കമ്പ്യൂട്ടിങ്, മൊബൈൽ ആപ്പ് നിർമ്മൊണം, റോബോട്ടിക്സ്, നിർമിത ബുദ്ധി തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പ്രത്യേകം പരിശീലനം നല്കുന്നതോന്നാണ് ലിറ്റ്ൽ കൈറ്റ്സ് പദ്ധതി. കുട്ടികൾക്കായി പരിശീലനങ്ങൾക്കു പുറമെ വിദഗ്ധരുടെ ക്ലാസുകൾ, ക്യാമ്പുകളും സംഘടിപ്പിക്കുന്നു. സ്കൂളുകളിൽ ഹാർഡ്‌വെയർ പരിപൊലനം, രക്ഷകർത്താക്കൾക്കുള്ള കമ്പ്യൂട്ടർ, മൊബൈൽ സാക്ഷരത എന്നിവയും നൽകിവരുന്നു.

# മുണ്ടക്കയം

കോട്ടയം ജില്ലയിലെ കിഴക്കെ അതിർത്തിയിലുള്ള ഒരു പട്ടണമാണ് മുണ്ടക്കയം. ഹൈറേഞ്ചിന്റെ കവാടം എന്നറിയപ്പെടുന്ന ഈ സ്ഥലം മണിമലയാറിന്റെ തീരത്തുള്ള ഒരു ചെറിയ പട്ടണമാണ്. റബ്ബറും കുരുമുളകും കൊക്കോയും ഇവിടുത്തെ പ്രധാന കാർഷിക വിഭവങ്ങളാണ്. ധാരാളം റബർ തോട്ടങ്ങൾ ഇവിടെ സ്ഥിതി ചെയ്യുന്നു. ഹൈറേഞ്ചിലെ പ്രധാന ഹിൽസ്റ്റേഷനായ കുട്ടിക്കാനം ഇവിടെനിന്ന് ഏതാണ്ട് 15 കിലോമീറ്റർ അകലത്തിലാണ് സ്ഥിതിചെയ്യുന്നത്. കുമളി റോഡിൽ മുറിഞ്ഞപുഴയിൽ നിന്ന് തിരിഞ്ഞ് 5 കിലോമീറ്റർ ദൂരം സഞ്ചരിച്ചാൽ പാഞ്ചാലിമേട് എന്ന പുൽമേട്ടിലെത്താം.

മുണ്ടക്കയം ചന്തയുടെ സമീപത്തെ കയത്തിൽ ധാരാളം മുണ്ടികൾ (ചാരകൊക്ക്) വന്നിരിക്കുമായിരുന്നുവത്രേ. ആ കയത്തെ സി. എം. എസ്. സുവിശേഷ പ്രവർത്തക നായിരുന്ന ഹെൻറി ബേക്കർ ജൂനിയർ മുണ്ടിക്കയം എന്നു വിളിച്ചു. ക്രമേണ സമീപത്തെ ചന്തയ്ക്കും ആ പേര് ലഭിച്ചു. പിന്നീട് കാലാന്തരത്തിൽ അത് ലോപിച്ച് മുണ്ടക്കയം ആയിത്തീർന്നുവെന്ന് കരുതപ്പെടുന്നു.

ധാരാളം വിദ്യാലയങ്ങൾ ഉള്ള സ്ഥലമാണ് മുണ്ടക്കയം. സി.എം.എസ്. എൽ.പി.സ്കൂൾ, സി.എം.എസ്.ഹൈസ്കൂൾ, വിൻഷ്യൻ സഭയുടെ കള്ളിവയലിൽ പാപ്പൻ മെമ്മോറിയൽ പബ്ലിക് സ്കൂൾ , സെന്റ് ജോസഫ് സെൻട്രൽ സ്കൂൾ,സെന്റ് ആന്റണീസ് യു.പി. സ്കൂൾ, സെന്റ് ആന്റണീസ് ഹൈസ്കൂൾ, സെന്റ് ജൊസഫ്സ് ഗേൾസ് ഹൈസ്കൂൾ, മുരിക്കുംവയൽ ഗവണ്മെന്റ്ഹയർ സെക്കന്ററി സ്കൂൾ,ഇന്ത്യയിലെ ആദ്യത്തെ ട്രൈബൽ മാനേജ്മെന്റിന് കീഴിലുള്ള കോളേജ് ശ്രീ ശബരീശ മുതലായവ മുണ്ടക്കയത്തെ പ്രധാന വിദ്യാലയങ്ങളാണ്.

# ദിനാചരണങ്ങൾ

| | | | |
|---|---|---|---|
| ജൂൺ- | 5 | = | പരിസ്ഥിതി ദിനം |
| | 6 | = | ഉള്ളൂർ ചരമ ദിനം |
| | 19 | = | വായനാ ദിനം |
| | 26 | = | പുകയില വിരുദ്ധ ദിനം |
| ജൂലൈ- | 5 | = | ബഷീർ ചരമ ദിനം |
| | 11 | = | ജന സംഖ്യാ ദിനം |
| | 21 | = | ചാന്ദ്ര ദിനം |
| ആഗസ്റ്റ്- | 6 | = | ഹിരാഷിമ ദിനം |
| | 9 | = | നാഗസാക്കി ദിനം,ക്വിറ്റ് ഇന്ത്യ |
| | 15 | = | സ്വാതന്ത്ര്യ ദിനം |
| സെപ്തംബർ-5 | | = | അധ്യാപക ദിനം |
| | 16 | = | ഓസോൺ ദിനം |
| ഒക്ടോബർ- | 2 | = | ഗാന്ധി ജയന്തി |
| | 16 | = | വള്ളത്തോൾ ജന്മദിനം |
| നവംബർ- | 1 | = | കേരളപ്പിറവി ദിനം |
| | 11 | = | ദേശീയ വിദ്യാഭ്യാസ ദിനം |
| | 14 | = | ശിശു ദിനം |
| ഡിസംബർ-1 | | = | ലോക എയ്ഡ്സ് ദിനം |
| | 10 | = | മനുഷ്യാവകാശ ദിനം |
| ജനവരി- | 26 | = | റിപ്പബ്ലിക് ദിനം |
| | 30 | = | രക്തസാക്ഷി ദിനം |
| ഫെബ്രുവരി-2 | | = | ലോക തണ്ണീർത്തട ദിനം |
| | 21 | = | മാതൃ ഭാഷാ ദിനം |
| | 28 | = | ദേശീയ ശാസ്ത്ര ദിനം |
| മാർച്ച്- | 22 | = | ലോക ജല ദിനം |

# മഹത് വചനങ്ങൾ

- വിദ്യാഭ്യാസം  എന്നാൽ എഴുത്തും  വായനയും പഠിക്കുക എന്നതല്ല. അത് പ്രതിസന്ധികളെ തരണം ചെയ്യാനുള്ള കരുത്താർജിക്കലാണ്.

  - ഗാന്ധിജി

- പരാജയമെന്നത് നിങ്ങൾക്ക് കൂടുതൽ കരുത്തോടെ തിരിച്ചുവരാനുള്ള അവസരമാണ്.

  - ഹെൻറി ഫോർഡ്

- ഭാവി പ്രവചിക്കാനുള്ള ഏറ്റവും നല്ല മാർഗം അത് സൃഷ്ടിക്കുക എന്നതാണ്.

  - എബ്രഹാം ലിങ്കൺ

- വിദ്യാഭ്യാസത്തിന്റെ വേരുകൾ കയ്പേറിയതാണ്, പക്ഷേ ഫലം മധുരമാണ്.

  - അരിസ്റ്റോട്ടിൽ

- വിദ്യാലയത്തിൽ പഠിച്ചത് ഒരാൾ മറന്നതിനു ശേഷം അവശേഷി ക്കുന്നത് വിദ്യാഭ്യാസമാണ്.

  - ആൽബർട്ട് ഐൻസ്റ്റീൻ

- അറിവാണ് ശക്തി. വിവരങ്ങൾ മോചിപ്പിക്കുന്നു. ഓരോ സമൂഹ ത്തിലും, ഓരോ കുടുംബത്തിലും പുരോഗതിയുടെ അടിസ്ഥാനം വിദ്യാഭ്യാസമാണ്.

  - കോഫി അന്നൻ

- നമുക്ക് എന്തറിയാം എന്നതല്ല,എന്തറിഞ്ഞ്കൂടാ എന്നതാണ് എതാർത്ഥ അറിവ്.

  -ഹെൻറി ഡേവിഡ് താറ

- ഉറങ്ങുമ്പോൾ കാണുന്നതല്ല സ്വപ്നം; ഉറങ്ങാൻ അനുവദിക്കാത്തതാണ് സ്വപ്നം.

  - എ.പി.ജെ അബ്ദുൽ കലാം

- ഞാല്ലെനാരു ചക്രവർത്തി ആയില്ലായിരുന്നെങ്കിൽ ഗ്രന്ഥശാല സൂക്ഷിപ്പുകാരനാവുമായിരുന്നു.

  - നെപ്പോളിയൻ

# കടംകഥകൾ

1. അമ്മയെ കുത്തി മകൻ മരിച്ചു?

**ഉത്തരം :- തീപ്പെട്ടി**

2. മുറ്റത്തുണ്ടൊരു പോലീസേതോ കളവുതേടി നടക്കുന്നു?

**ഉത്തരം :- കോഴി**

3. അടുക്കളയിലെ അമ്മായി അമ്മ?

**ഉത്തരം :- പൂച്ച**

4. ആശാരി മൂശാരി തൊടാത്ത തടി വെള്ളത്തിലിട്ടാൽ ചീയാത്ത തടി?

**ഉത്തരം: – ചീങ്കണ്ണി**

5. ആയിരം കടലോടി വരുന്ന ചെങ്കുപ്പായക്കാരൻ കൂനന്റെ പേരെന്ത്?

**ഉത്തരം :- ചെമ്മീൻ**

6. പകലെല്ലാം മിന്നി മിന്നി രാത്രി ഇരുട്ടറയിൽ?

**ഉത്തരം :- കണ്ണ്**

7. കാവൽ ഇല്ലാത്ത കൊട്ടാരത്തിൽ കണക്കില്ലാത്ത മുത്തുമണികൾ?

**ഉത്തരം :- നക്ഷത്രങ്ങൾ**

8. വായമൂടി മുഖത്തടിച്ചാൽ കേൾക്കാനിമ്പം?

**ഉത്തരം :- മദ്ദളം**

9. വായില്ലാ ഭരണിയിൽ രണ്ടച്ചാർ?

**ഉത്തരം :- മുട്ട്**

10. വായില്ലാത്തവൻ കഞ്ഞികുടിച്ചു?

**ഉത്തരം :- മുണ്ട്**

11. കുത്തിയാൽ മുളക്കില്ല വേലിയിൽ പടരും

**ഉത്തരം :- ചിതൽ**

12. കൈപ്പത്തി പോലെ ഇല വിരലു പോലെ കായ?

**ഉത്തരം :-വെണ്ട**

13. കൊമ്പിൻമേൽ തുളയുള്ള കാള?

**ഉത്തരം :-കിണ്ടി**

14. ചുണ്ടില്ലെങ്കിലും ചിരിക്കും കരയും അട്ടഹസിക്കും?

**ഉത്തരം :-മേഘം**

15. ജീവനില്ല, കാലുമില്ല ഞാൻ എത്താത്ത ഇടവുമില്ല എന്നെ കൂടാതെ നിങ്ങളുടെ ജീവിതം ദുഷ്കരം?

**ഉത്തരം :-നാണയം**

16. അടിയിൽ വെട്ടി ഇടയ്ക്ക് കെട്ടി തലയിൽ ചവുട്ടി?

**ഉത്തരം :- നെല്ല് കൊയ്ത് മെതിക്കുന്നത്.**

17. നീണ്ടു നീണ്ടു മാനം നോക്കി പോകുന്ന പച്ചക്കുപ്പായക്കാരൻ?

**ഉത്തരം :- മുള**

18. പഞ്ചപാണ്ഡവൻമാർ ആഞ്ചുപേർക്കും കൂടി ഒരേയൊരു മുറ്റം?

**ഉത്തരം :- കൈപ്പത്തി**

19. പകലെല്ലാം മിന്നിമിന്നി രാത്രി ഇരുട്ടറയിൽ?

**ഉത്തരം :- കണ്ണ്**

20. പച്ചപ്പലക കൊട്ടാരത്തിൽ പത്തും നൂറും കൊട്ടത്തേങ്ങ?

**ഉത്തരം :- പപ്പായ**

21. പിടിച്ചാൽ ഒരു പിടി അരിഞ്ഞാൽ ഒരു മുറം?

**ഉത്തരം :- ചീര**

22. പൊന്നുതിന്ന് വെള്ളിതുപ്പി?

**ഉത്തരം :- ചക്കച്ചുള**

22. നല്ല നായ്ക്ക് നാവിന്മേൽ പല്ല്?

**ഉത്തരം :- ചിരവ**

23.ആനയിലുണ്ട് ചേനയിലില്ല, ഇമയിലുണ്ട് ഇഷ്ട്ടത്തിലില്ല. രണ്ട് അക്ഷരമുള്ള ഞാനാര്?

**ഉത്തരം :- ആമ**

24.കട കല്ല്, നടു വടി, തല പന്തൽ?

**ഉത്തരം :- ചേന**

25. കയ്പടംപോലെയില കൈവിരൽപോലെ കായ്?

**ഉത്തരം :- വെണ്ടയ്ക്ക**

26. കണ്ടാൽ വണ്ടി തൊട്ടാൽ ചക്രം?

**ഉത്തരം :- തേരട്ട**

27. കറുത്ത പാറമേൽ വെളുത്ത കത്തി?

**ഉത്തരം :- ആന**

28. കാട്ടിൽ കിടക്കുന്നവൻ കൂട്ടായി വന്നു?

**ഉത്തരം :- വടി**

29. കാടുണ്ട് കടുവയില്ല, വീടുണ്ട് വീട്ടാറില്ല, കുളമുണ്ട് മീനില്ല?

**ഉത്തരം :- തേങ്ങ**

30.ചെടി ചെടിയിന്മേൽകായ് കയ്യിന്മേൽ ചെടി?

**ഉത്തരം :- കൈതച്ചക്ക**

# ചിത്രം



**Saliha Beegum P S**
**VIII.E**

## G K


| | |
|---|---|
| **Father of Political Science** | **:Aristotle** |
| **Father of Modern Chemistry** | **:Antoine Lavoisier** |
| **Father of History** | **:Herodotus** |
| **Father of Zoology** | **:Aristotle** |
| **Father of Botony** | **:Theophrastus** |
| **Largest Volcano** | **:Mauna Loa** |
| **Largest Dam** | **:Three Gorges Dam** |
| **Tallest statue** | **:Statue of Unity** |
| **Father of Electricity** | **:Micheal Faraday** |
| **Capital of America** | **:Washington DC** |

# ചിത്രം




**Angela Mathew**

**VIII. B**




**Vaishnavi R Nair**

**VIII. E**

# The Newcomer....

*It hasn't been long since be arrived at bis new school and already bates it. He was forced to change his School due to the work of his parents, but he never liked the idea of moving school. He had lots of Friends at back in his school. He was known for athletics and was great in bis studies. All the teachers spoke highly of him, they all were happy with him. But, be had to change school because his father found a new job which was bit far away, decided that it would be great to have a change from this town to another. He told this news to bis classmates, friends and teachers and they seemed pretty upset about the fact he's leaving. They all gave him a heart warming Send off and wished him the best in his new school...*

*They finally reached the new town. It all seemed groat, the place looked stemming and breath- taking but still be missed the old place, and his family knew that quiet well. They all tried to comfort him and made him feel happy at the new place. His parents took admission for him at the best pole at that area. They wanted bird to have fun and enjoy his new school. The following Monday be started to go to school, he was really nervous about the school as be was scared if he would make no friends. He walked into the school with his heart beating faster than ever. He went to the principle*


*and asked her guidance to the classroom. She directed him to his new classroom. He slowly went inside and took a seat beside a young lad. The teacher introduced him to the class and made him feed comfortable, but fan of his hair as then Suddenly Started be was blonde. He making was really Scared because he didn't know what to reply to the boy. He sat there without saying a word. His first impression towards school was went bad. He felt left out from groups. He started to miss his old School.*

*He thought that everyone in that school was a bully, so be didn't after a word in school, be kept quiet. But, one day a group of lads came to him and introduced themselves to him. They seemed really nice and gentle they showed him around the School and made him feel happy. They started to talk to him everyday and played after school. They all became best of friends. They stood up for each other and had great fun doing things together. He was glad be made new friends and started to enjoy bis new school.......*

*The end*

**Jeswin Manoj**
**IX.B**

# PENCIL DRAWING




**FELIX SAJAN**
**VIII.B**

# മർമ്മരം

ആശുപത്രിക്കിടക്കയിൽ മേഴ്സി തിരിഞ്ഞും മറിഞ്ഞും കിടന്നു. ഒന്നെഴുന്നേൽക്കുവാൻ സാധിച്ചിരുന്നെങ്കിൽ. ആരുടെയെങ്കിലും സഹായമില്ലാതെ സാധിക്കുകയില്ലാ. തന്റെ മകന്റെ ഓർമ്മകൾ പിന്നിലേക്ക് സഞ്ചരിച്ചു. ഒരേയൊരു മകൻ ആണും പെണ്ണുമായി ഒരാൾ മാത്രം. സ്വന്തമയിയുണ്ടായിരുന്നത് പത്തുസെൻറ് സ്ഥലവും ഒരു കൊച്ചുവിടും. ഭർത്താവും കുഞ്ഞും ഒക്കെയായി സന്തോഷമുള്ള നാളുകൾ. അങ്ങനെയിരിക്കെയാണ് ഭർത്താവിന്റെ ആകസികമായ വേർപാട്. ജോലിക്കു പോകുന്ന വഴി എതിരെവന്ന വാഹനമിടിച്ചായിരുന്നു മരണം. തളർന്നു പോയനാളുകൾ. നെയ്തുകൂട്ടിയ സ്വപ്നങ്ങൾ എല്ലാം ഒരു നിമിഷം കൊണ്ട് പൊലിഞ്ഞു. ജീവിതത്തിന്റെ തുരുത്തിൽ ഒറ്റപ്പെട്ടുപ്പോയതുപോലെ. എങ്കിലും പിടിച്ചുനിൽക്കാൻവേണ്ടി ശ്രമിച്ചു. തന്റെ മകനുവേണ്ടി അവൻ പഠിച്ചു വലിയവനാകണം അതായിരുന്നു മനസ്സിൽ തൊട്ടടുത്ത വീടുകളിലൊക്കെ ജോലിക്കുപോയി കിട്ടുന്ന വരുമാനത്തിന്റെ ഒരുഭാഗം നിക്കിവെച്ചു മകന്റെ വിദ്യഭ്യാസത്തിനായി. ഞാൻ പഠിച്ചു വലിയ ജോലിയൊക്കെ കിട്ടുമ്പോൾ അമ്മയുടെ കഷ്ടപ്പാടുകൾ ഒക്കെ മാറുമമ്മേ.

ഇടയക്കിടക്ക് മകൻ പറയുമായിരുന്നു. മകന്റെ സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞു. ഇനി എന്താണ് ചെയ്യേണ്ടത്. പലതും ആലോചിച്ചു. ഞാൻ നഴ്സിംഗ് പഠിക്കാൻ പൊക്കോളാം അമ്മേ. എനിക്ക് അതാണ് ഇഷ്ടം. അവന്റെ ആഗ്രഹം അവൻ പറഞ്ഞു. മകനേ ആൺപിള്ളേർ നഴ്സിംഗിനു പോകുമോ അതു പെൺപിള്ളേർക്കുള്ളതല്ലേ. അല്ലമ്മേ ആൺക്കുട്ടികളും നഴ്സിംഗ് പഠിക്കുന്നുണ്ട്. വിദേശരാജ്യങ്ങളിൽ നല്ല ശമ്പളമാ. അതിനു പണം വേണ്ടേ. അത് എവിടെ നിന്ന് ഉണ്ടാകും. അങ്ങനെയാണ് ബാങ്കിൽ നിന്നും വിദ്യഭ്യാസ ലോണിനെക്കുറിച്ചു അന്വേഷിക്കുന്നത്. ബാങ്കുകാർ ലോൺ അനുവദിക്കുമ്പോൾ ഒരുകാര്യം നിബന്ധമായി പറഞ്ഞിരുന്നു. പലിശ എല്ലാമാസവും കൃത്യമായി അടക്കണം. തിരിച്ചടവ് ജോലി കിട്ടിയിട്ടുമതി. അങ്ങനെ പഠനത്തിനായി മകൻ ബാംഗ്ലൂരിനു വണ്ടികയറി. ഒറ്റപ്പെലിന്റെ വേദന ഉള്ളപ്പോഴും നിറമുള്ള

സ്വപനങ്ങൾകണ്ടിരുന്നു. മകൻ പഠിച്ചു വരുമ്പോൾ എല്ലാ കടങ്ങളും വീട്ടണം വീടുപൊളിച്ചുപണിയണം എന്നൊക്കെ. അവധിക്കു മകൻ വരുമ്പോൾ പറയും എനിക്ക് ജോലി കിട്ടികഴിഞ്ഞാൽ എൻ്റെ അമ്മയെ ഞാൻ പണിക്കുവിടില്ലാ. കാലാക്രം കറങ്ങിക്കൊന്നിരുന്നു. ബാങ്കിലെ പലിശ അടക്കുവാനായി വിശ്രാമില്ലാതെ ജോലിചെയ്ത നാളുകൾ. തൊഴിലുറപ്പ ജോലിക്കുപുറമേ ഒന്നുരണ്ടു വീടുള്ളിൽക്കൂടി ജോലിചെയതിരുന്നു. വെയിലും മണ്ണും മഴയുമേറ്റ് തന്റെ ഓജസ് വറ്റിപ്പോയി. കൈയിലും കവിളിലും ചുളിവുകൾ വീണു. മകൻ പഠിച്ച് ജോലികിട്ടിക്കഴിയുമ്പോൾ എല്ലാ കഷ്ടപ്പാടും മാറും. മേഴ്സി നെടുവീർപ്പെട്ടു.

ഇന്നു മകൻ UK യിലാണ് ജോലിചെയ്യുന്നത്. മകനും ഭാര്യയും രണ്ടുപേർക്കും ഒരേ ഹോസ്പ്പിറ്റലിലാണ് ജോലി. വിദേശത്ത് ജോലിക്കു പോകുവാൻ വേണ്ടി കിടപ്പാടം പണയപ്പെടുത്തേണ്ടിവന്നു. അത് തിരിച്ചെടുക്കാൻ പലതവണ ആവശ്യപ്പെട്ടതാണ്. ഞാൻ ഇനി വരുമ്പോൾ എല്ലാ കടങ്ങളും വീട്ടും എന്നാണ് പറഞ്ഞിരിക്കുന്നത്. മക്കൻ്റെ വിവാഹം ഒരു പ്രണയ വിവാഹമായിരുന്നു. എല്ലാം പെട്ടെന്നയിരുന്നു. അവൻ ജോലിചെയ്യുന്ന ഹോസ്പിറ്റലിൽത്തന്നെ ജോലി ചെയ്യുന്ന ഒരു കുട്ടി. ഫോട്ടോ അയച്ചുതന്നിരുന്നു. നല്ല സുന്ദരിക്കുട്ടി. നല്ല സാമ്പത്തികമുള്ള കുടുംബമാണ് അവരുടേത് എന്നാണ് പറഞ്ഞത്. വിവാഹം അവരുടെത്തന്നെ നാട്ടിൽ വെയിരുന്നു. ഇവിടെ അവർക്ക് വന്നു പങ്കെടുക്കാനുള്ള സ്ഥലപരിമതി കാരണം. വിവാഹത്തിൻ്റെ ഇടയിലാണ് മകൻ എന്നെ പരിചയപ്പെടുത്തുന്നത്. ഇതാണ് അമ്മ. മരുമകളുടെ മുഖത്ത് ഒരു പുച്ഛം മിന്നിമറഞ്ഞുവോ, അതോ തോന്നലാണോ. വിവാഹംകഴിഞ്ഞു. മകനും മരുമകളുമായി വീട്ടിലേക്ക് പോകും എന്നാണ് കരുതിയിരുന്നത്. പക്ഷേ മകൻ പറഞ്ഞു അമ്മേ അമ്മ പൊയ്ക്കോ. ഞങ്ങൾ നാലുദിവസം കഴിഞ്ഞ് വരാം . ഇവളുടെ ഡാഡി പറഞ്ഞത് നാലുദിവസം കഴിഞ്ഞു പോയാൽമതിയെന്നാണ്. അങ്ങനെ തിരിച്ചു പോന്നു. മകനും മകൾക്കും വേണ്ടി വീട് വൃത്തിയാക്കണം. കിടക്കവിരിയൊക്കെ മാറ്റി വിരിച്ചു. അങ്ങനെ മകനും മകളും വന്നു വിലക്കൂടിയകാറിൽ. മരുമകളുടെ വീട്ടുകാർ മകന് സമ്മാനമായി കൊടുത്തതാണ് കാർ. കാർ വിട്ടുമുറ്റത്തേക്ക് കയറുകയില്ല. അതിന്റെ അമർഷം മരുമകളുടെ മുഖത്ത് തോന്നി. അമ്മേ ഞങ്ങൾ ഇന്നുതന്നെ പോകയാണ്. ഇന്നുതന്നെ

മടങ്ങിച്ചെല്ലണമെന്നാന്ന് അവളുടെ ഡാഡി പറഞ്ഞ്. ഇന്നു വൈകിട്ടാണ് പാർട്ടി അറേഞ്ചു ചെയതിരിക്കുന്നത്. മകനെ കുറച്ചു ദിവസം നിങ്ങൾ എവിടെ കാണുമെന്നാണെന്നു ഞാൻ കരുതി. പറ്റില്ലമ്മേ ഡാഡി പ്രത്യേകം പറഞ്ഞതാണ് വിട്ടത്. വലിയ സങ്കടം തോന്നി. മക്കൻ്റെയും മരുമകളുടേയും കൂടെ കുറച്ചുദിവസം ഒന്നിച്ചിരിക്കാണമെന്ന് കരുതിയണ്. മകന് ഒരിക്കലും എത്തിപ്പെടാനാ കാത്തബന്ധം. അധികം സംസാരിച്ചില്ലെകിലും മകന് ചേരുന്ന കുട്ടി. അങ്ങനെ വൈകുന്നേത്തോട്ടുകൂടി അവർ തിരിച്ചുപോയി. ചേച്ചിയുടെ ഭാഗ്യമാണ് ഈ ബന്ധം എന്ന് അയൽക്കാരൊക്കെ പറഞ്ഞു. അവർ രണ്ടുപേരും ജോലി സ്ഥലത്തേക്ക് തിരിച്ചുപോകുകയാണ് അവധിയില്ലാ. അമ്മയിടെ അടുക്കൽ വന്നിട്ടുപോകണമെന്നിന്നായിരുന്നു: എന്തുചെയ്യാം സമയമില്ലല്ലോ. അതുവരെയി ല്ലാതിരുന്ന ഒരു നീറ്റൽ ഹൃദയത്തിൽ ഉണ്ടായി. മകൻ തന്നിൽ നിന്നും അകലുകയാണോ? ഇടയ്ക്കുവല്ലപ്പോഴുമൊക്കെ വിളിക്കും. അമ്മക്ക് സുഖമാണോ? ഗുരുതരമായ കരൾ രോഗം ബാധിച്ച് ആശുപത്രിക്കിടക്കായിൽ കിടക്കുന്നു. മക്കനെ അറിയിച്ചു. അവധികിട്ടുകയില്ലാ ഞാൻ ശ്രമിക്കുന്നിണ്ട്. ഓരോകാൽ പെരുമാറ്റം കേൾക്കുമ്പോഴും മകനായിരിക്കും എന്നൊരു തോന്നാൽ. കണ്ണുനീർ ചാലു കീറിയ കണ്ണുമ്മുമായി വിദൂരതയിലേക്ക് നോക്കിയിരുന്നു ഞാൻ മകൻ വരുന്നതും കാത്ത്.

**ABHINAV BINU**

**IX.E**

# Dr. A.P.J. ABDUL KALAM



Dr.A.P.J. Abdul Kalam (born October 15, 1931, Rameswaram, India—died July 27, 2015, Shillong) Indian scientist and politician who played a leading role in the development of India's missile and nuclear weapons programs. He was President of India from 2002 to 2007.

Kalam earned a degree in aeronautical engineering_from the Madras Institute of Technology and in 1958 joined the Defence Research and Development Organisation (DRDO). In 1969 he moved to the Indian Space Research Organisation, where he was project director of the SLV-III the first satellite launch vehicle that was both designed and produced in India. Rejoining DRDO in 1982, Kalam planned the program that produced a number of successful missiles, which helped earn him the nickname "Missile Man." Among those successes was Agni, India's first intermediate-range ballistic missile, which incorporated aspects of the SLV-III and was launched in 1989.

Upon returning to civilian life, Kalam remained committed to using science and technology to transform India into a developed country and served as a lecturer at several universities. On July 27, 2015, he collapsed while delivering a lecture at the Indian Institute of Management Shillong and was pronounced dead from cardiac arrest soon afterwards.

Kalam wrote several books, including an autobiography, Wings of Fire (1999). Among his numerous awards were two of the country's highest honours, the Padma Vibhushan (1990) and the Bharat Ratna(1997).

## ഓർമ്മച്ചെപ്പ്

## ഓർമ്മകളിലേക്ക് ഒരു യാത്ര

ഓർമ്മ, എന്താണോർമ്മ? ഓർമ്മ എന്നു പറയുന്നത് എന്നും ഒരു മധുരമാണ്. അത് എത്ര കഷ്ടപ്പെടുത്തിതായാലും ഭീതിപ്പെടുത്തി യതായാലും ശരി. 100 ൽ 99 ശതമാനം പേരും കഷ്ടപ്പെടുത്തിയ ഓർമ്മകളിലെ മധുരം തിരഞ്ഞു കണ്ടെത്തുന്നവരാണ്. ബാക്കി ഒരു ശതമാനം പേർ അത് ജീവിതത്തിലെ ഒരു മധുരമേറിയ രസക്കൂട്ടാണ് എന്നുള്ളത് മനസ്സിലാക്കാതെ അതിൽ എവിടെയാണ് ഉപ്പുരസം എന്നുള്ളത് അന്വേഷിക്കും. ഞാൻ പറഞ്ഞു വരുന്നത് എന്റെ ജീവിതത്തിലെ ഒരു ഓർമ്മയെക്കുറിച്ച് തന്നെയാണ്. 2021 October 16 ജീവിതത്തിൽ ഒരിക്കലും എനിക്ക് മറക്കാനാവാത്ത ഒരു ഓർമ്മ. എന്റെ വീട് കോട്ടയം ജില്ലയിലെ ഇളങ്കാട് ആണ്. അങ്ങനെ പറഞ്ഞാൽ ആർക്കും മനസ്സിലാവില്ല. കേരളത്തിലെ സിക്സ്വർലൻഡ് ആയ വാഗമൺ മലനിരകളുടെ താഴ് വാരം. ഇങ്ങനെ കേൾക്കുമ്പോൾ ആരും ഒന്നും കാണാൻ കൊതിക്കും. ഞാൻ അന്ന് ആറാം ക്ലാസിൽ പഠിക്കുന്നു. രാവിലെ എന്റെ വീടിന്റെ ടെറസിൽ നിന്ന് നോക്കിയാൽ ചുറ്റും മഞ്ഞിന്റെ ഉടുപ്പ് ധരിച്ച് ഈറനണിഞ്ഞ് നിൽക്കുന്ന മലനിരകളെ കാണാമായിരുന്നു. എന്റെ നാട്ടിന്റെ ചുറ്റും മലനിരകളായിരുന്നു. covid 19 എന്ന വൈറസ് കുറഞ്ഞു വരുന്നതേയുള്ളൂ. അത് പിള്ളേരുടെ പഠിത്തം മുടക്കിയായി സമരം ചെയ്തുകൊണ്ടിരിക്കുകയാണ്. സ്കൂൾ അടച്ച് കിടക്കുവാണെന്ന് സാരം 2020 ൽ സ്കൂളുകളിൽ പുതിയ അധ്യയന വർഷാഘോഷം നടന്നില്ല. പിന്നീട് തുറക്കുന്നത് 2021 നവംബറിൽ ആയിരുന്നു പക്ഷേ പഠിപ്പിന്റെ 2 വർഷം പോയി കിട്ടി. Smartphone വഴിയുള്ള Online class ഒരു ചെറിയ രക്ഷയാകും എന്ന് എല്ലാവരും വിചാരിച്ചു. പക്ഷേ മൊബൈലിൽ live class ഓണാക്കി പാറയുടെ

മുകളിൽ വച്ച് ആറ്റിൽ ചാടലും മറ്റു വിനോദ പരിപാടികളിൽ ഏർപ്പെടലും ആയിരുന്നു കുട്ടികളുടെ പ്രധാന വിനോദം. ഞാൻ പറയാൻ വന്നത് October 16 നെ കുറിച്ചാണല്ലോ. ആ ദിവസത്തിലേക്ക് പോയാൽ രാവിലെ മുതൽ നല്ല മഴയായിരുന്നു. വീട്ടിലിരുന്ന് അമ്മ ആദ്യമേ പ്രവചിച്ചു എന്തോ വരാനുണ്ട് എന്ന്. അങ്ങനെ രാവിലെ ഒരു 10-11 മണിയായപ്പോൾ അതിങ്ങു പോന്നു. വലിയ ഭീതിപ്പെടുത്തുന്ന ഘോര ശബ്ദവുമായി ഒരു വലിയ ഉരുൾപൊട്ടൽ. എന്റെ വീടിന്റെ മുൻപിൽ റോഡും പുറകിൽ ആറുമായിരുന്നു. ഞങ്ങളെല്ലാവരും Road -ലേക്ക് ആവശ്യമായി വേണ്ട വളരെ ചുരുക്കം സാധനങ്ങളും എടുത്ത് ഇറങ്ങി. അപ്പോഴാണ് ഞങ്ങളുടെ എതിർവശത്ത് താമസിക്കുന്ന ചേച്ചി ഓടിക്കോ എന്ന് പറഞ്ഞ് അലറിയത്. തുള്ളിക്കൊന്നല്ല 2 കുടം വരെയുണ്ടായിരുന്ന ആ മഴയിൽ ഞാനും എന്റെ കുടുംബവും നനഞ്ഞോടി. ആ ചേച്ചിയുടെ വീട്ടിൽ കയറി. അവർ രണ്ടാം നിലയിലാണ് താമസം. അവിടെ നിന്നുകൊണ്ട് ഞങ്ങളുടെ വീടിന്റെ പുറകിൽ ഉണ്ടായിരുന്ന 10-30 വർഷത്തേക്കാൾ പഴക്കം വരുന്ന ഒരു മട്ടക്ക മരം കടപുഴകിയത് കണ്ടിട്ടാണ് അവർ അലറിയത്. വീടിന് അത്രത്തോളം താങ്ങും തണലും ആയിരുന്നു അത് അതിന്റെ വേര് ഞങ്ങളുടെ വീടിന്റെ അടിയിൽ കൂടെ തുരന്നു കേറീട്ടുണ്ടാരുന്നു. എന്തോ ഭാഗ്യം കൊണ്ടും പ്രാർത്ഥന കൊണ്ടും ആ മരം കൊണ്ട് പോയത് വീടിന്റെ പുറകിലെ കുറച്ചുഭാഗം മാത്രമായിരുന്നു.ആ പ്രളയം ആരിലൊക്കെ കലിതുള്ളി തീർക്കും എന്നുള്ളത് നാട്ടുകാർക്കും എനിക്കും ആശങ്കയായി മാറി. ഞങ്ങടെ നാട്ടിലെ ഭൂരിഭാഗം ആൾക്കാരും ആ ചേച്ചിയുടെ വീട്ടിൽ ഉണ്ടായിരുന്നു. അങ്ങനെ ആ പ്രളയം ഞങ്ങടെ ഗ്രാമത്തിലെ ഏതൊക്കെയോ മൂലകളിൽ ഉണ്ടായിരുന്ന വളരെ ചുരുക്കം വരെ കൊണ്ടുപോയി. അത് ഞങ്ങളിൽ ചിലരെ തളർത്താൻ ഇടയായി. ഏകദേശം ഞങ്ങളുടെ ആ ദിവസം മുഴുവനും പ്രളയം കരണ്ട് 24

മണിക്കൂറിനപ്പുറം അതിന്റെ കളി നീണ്ടുനിന്നു. ഞങ്ങൾ നാട്ടുകാരുടെ ഇടയിൽ ചിലരുടെ വീട് അപകടാവസ്ഥയിലായിരുന്നു. ചിലരുടെ വീട് മുഴുവൻ നശിച്ചിരുന്നു. അവരൊക്കെ തളർന്നു. എന്നാൽ "അതിനെന്താ ഇവിടെ കിടക്കാല്ലോ വെള്ളം കുറയട്ടെ എന്നിട്ട് മറ്റു വഴി നോക്കാം."എന്നുപറഞ്ഞ് നാട്ടുകാരിൽ ഓരോരുത്തരും അവരെ സമാധാനിപ്പിച്ചു. കാരണം ആ സമയം പ്രളയം രക്ഷപ്പെടാൻ കഴിയുന്ന പാലങ്ങൾ മുക്കി കളഞ്ഞിരുന്നു. രക്ഷപ്പെടണമെങ്കിൽ "കുട്ടിക്കൽ" എന്ന സ്ഥലം കടക്കണമായിരുന്നു. പക്ഷേ ആ സ്ഥലം മുഴുവൻ പ്രളയം മുക്കി കളഞ്ഞു മറ്റു വഴികളെല്ലാം അടഞ്ഞു.

സ്കൂളുകളിലും മറ്റും ദുരിതാശ്വാസക്യാമ്പ് എന്ന് ആശ്വസിക്കണം എങ്കിൽ 2 സ്കൂളുകൾ മല കയറുന്ന വഴിയിൽ ആയിരുന്നു. എന്നിരുന്നാലും മലയുടെ മുകളിൽ താമസിച്ചവർക്ക് അത് ആശ്വാസമായി . പിന്നെയുള്ള സ്കൂൾ ഞാൻ പഠിച്ചിരുന്ന സ്കൂൾ ആയിരുന്നു. പക്ഷേ അവിടെയൊക്കെ എത്തണമെങ്കിൽ വഴിയിലെ തടസ്സം മാറ്റണമായിരുന്നു. വഴി മുഴുവനും മണ്ണിടിഞ്ഞ് മണ്ണും കല്ലിൽ നിറഞ്ഞ മരങ്ങൾ വീണ് നാശമായി. പിന്നെ ഒരു സ്കൂൾ കൂടി ഉണ്ടായിരുന്നു. 2018 ലെ വെള്ളപ്പൊക്കത്തിൽ ആ സ്കൂൾ ദുരിതാശ്വാസക്യാമ്പ് ആയിരുന്നു. പക്ഷേ അത് ഞങ്ങൾ താമസിക്കുന്ന ഇടത്തുനിന്നും അല്പം ദൂരെയായിരുന്നു. പക്ഷേ അവിടെ താമസിക്കുന്ന വർക്ക് ആ സ്കൂൾ ആശ്വാസമായി . വഴിയിൽ കല്ലും മണ്ണും ആയതിനാൽ ജീപ്പുകളും മറ്റും ചിലരെ ക്യാമ്പുകളിൽ എത്തിച്ചു. അതും വെള്ളം താഴ്ന്നപ്പോൾ ആ ദിവസം മുഴുവൻ ആ മഹാ സംഭവത്തിന് ഞങ്ങൾ ദൃക്സാക്ഷികളായി. ഇടി വെട്ടുന്നത് പോലെ ഭൂമി കുലുങ്ങുന്നതുപോലെ ഘോര ശബ്ദമായിരുന്നു ഉരുള് തീരുന്നതുവരെയും. ആ ശബ്ദം ഭീതിപ്പെടുത്തുന്നതായിരുന്നു. അതുകൊണ്ടായിരുന്നു അന്ന് 3 വയസ്സുള്ള എന്റെ ഇളയ അനിയന്റെ മനസ്സിൽ ഇടിയുടെ ശബ്ദം ഭീതിപ്പെടുത്തുന്ന ഒന്നായി മാറിയിരുന്നത്. പിന്നീട് ഇടിയുടെ ശബ്ദം കേൾക്കുമ്പോൾ

അവൻ പറയുമായിരുന്നു. വൈകിട്ട് 4-5 മണിയോടെയാണ് വഴി നേരെയാക്കാനുള്ള ശ്രമം തുടങ്ങിയത്. അപ്പോഴും വെള്ളം താഴ്ന്നിട്ടില്ലായിരുന്നു. അന്ന് ഞാനും എന്റെ കുടുംബവും ഞങ്ങളുടെ ഒരു ബന്ധുവിന്റെ വീട്ടിലേക്ക് പോയി. അവിടെ സുരക്ഷിതമായിരുന്നു പക്ഷേ വാഗമൺ കോലാഹലമയുടെ മലനിരകളുടെ താഴെ ഒരു മല തന്നെ 2018 ലെ പ്രളയം വന്നപ്പോൾ ഇടിഞ്ഞു നിൽക്കുകയായിരുന്നു. പരിധിയില്ലാത്ത ആ മഴയിൽ ഞങ്ങൾ നാട്ടുകാർ പറയുന്നത് ഒന്നിനെക്കുറിച്ചോർത്ത് മാത്രമായിരുന്നു ആ മല ആരുടെയൊക്കെയോ പ്രാർത്ഥന കൊണ്ട് മാത്രം അപകടമായി വന്നില്ല. ഒരുപക്ഷേ അതല്ലായിരുന്നുവെങ്കിൽ "മുണ്ടക്കയം" എന്ന സ്ഥലത്തിനപ്പുറം വരെയും ഭൂമി കൊണ്ടുപോകുമായിരുന്നു. ആൾ നഷ്ടം അതിലേറെ വരുമായിരുന്നു. ദൈവത്തിന്റെ കാവൽ കൊണ്ട് അതിൽ നിന്നും ഞങ്ങൾ രക്ഷപ്പെട്ടു. അന്ന് ഞങ്ങൾ വൈകിട്ട് ഭക്ഷണം കഴിച്ച് ഉറങ്ങാൻ കിടന്നു. പക്ഷേ എത്ര ശ്രമിച്ചിട്ടും രാത്രി എനിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. കണ്ണടയ്ക്കുമ്പോൾ പ്രകൃതിദുരന്തവും എന്തൊക്കെയോ ആശങ്കകളും മനസ്സിൽ നിറഞ്ഞിരുന്നു. ഉറക്കമില്ലാത്ത രാത്രി എങ്ങനെയൊക്കെയോ ഞങ്ങൾ കഴിച്ചുകൂട്ടി.

പ്രളയം തണുത്തപ്പോൾ ഞങ്ങൾ പുതുതായി മേടിച്ച പറമ്പിലേക്ക് ചെന്നു. പക്ഷേ അവിടെ പറമ്പിലായിരുന്നു പകരം ഒരു ആറ് അവിടെ രൂപപ്പെട്ടിരുന്നു. ഞങ്ങൾ ആകെ തളർന്നു അവിടുത്തെ പ്രദേശവാസികൾ നടന്നതൊക്കെ ഞങ്ങളോട് പറഞ്ഞു. മലയിൽ നിന്നും നേരെ ഉരുൾ വന്നത് ഞങ്ങളുടെ പറമ്പിലൂടെയായി അങ്ങനെ അത് ആറായി മാറി. പക്ഷേ അവിടെയുള്ളവർ ആകപ്പെട്ടിരുന്നു അവരുടെ വീടിന്റെ പുറകിൽ ശരിക്കുള്ള ആറും മുൻപിൽ ഞങ്ങളുടെയും മറ്റു കുറച്ചു പേരുടെയും പറമ്പ് ആറായിരിക്കുകയും ആയിരുന്നു. ഒരുതരത്തിലും അവർക്ക് രക്ഷപ്പെടാൻ കഴിഞ്ഞില്ല. പിന്നീട് നാട്ടുകാർക്ക് ചേർന്ന് കുടുങ്ങിപ്പോയ അവരെ രക്ഷിക്കുകയായിരുന്നു.

പക്ഷേ ഞങ്ങൾ ദിവസവും വന്ന കൃഷി ചെയ്ത് വിയർപ്പൊഴുക്കിയ ആ മണ്ണിൽ ആകെ നടന്നത് എന്താണെന്ന് പറയാൻ പ്രകൃതി ബാക്കി വെച്ചത് നട്ടതിൽ നിന്നും വെറും ഒരു പിടി മഞ്ഞൾ മാത്രമായിരുന്നു. അങ്ങനെ ആ പ്രളയം കാരണം ഞങ്ങൾ ആ നാട്ടിൽ നിന്നും മാറി താമസിക്കാൻ തീരുമാനിച്ചു. പക്ഷേ എനിക്ക് എന്നും ഇഷ്ടം ആ നടായിരുന്നു. അവിടുത്തെ കാലാവസ്ഥ എനിക്ക് ഏറെ ഇഷ്ടമായിരുന്നു. പക്ഷേ പുല്ലുകയറിന്റെ ഭീതിയിലാഴ്ന്ന മുഖം എന്നെ അവിടെ നിന്നും അകറ്റി അവിടെ ജനുവരി എന്ന മാസം എനിക്ക് ഒത്തിരി ഇഷ്ടമായിരുന്നു. അതുപോലെ ഏപ്രിൽ മാസവും സാധാരണയായി കണ്ടുവരുന്ന ജനുവരിക്കാറ്റ് എന്നെ സംബന്ധിച്ച് വളരെ special ആയിരുന്നു. ഏപ്രിൽ മാസത്തെ ഏപ്രിൽ ലില്ലി കാണാൻ എനിക്കും എന്റെ അനിയനും ഇഷ്ടമാണ്. മലയുടെ താഴ്‌വാരം ആയതുകൊണ്ടാകാം ഏപ്രിൽ മാസം ആകുമ്പോൾ ജനുവരിക്കാറ്റിന് സമാപനം ആകുന്നതേ ഉണ്ടാകു.

1960 കളിൽ മുത്തച്ഛന്മാരും മറ്റും പറഞ്ഞറിഞ്ഞ അറിവ് മാത്രമേ പ്രളയത്തെക്കുറിച്ച് ഉണ്ടായിരുന്നുള്ളൂ. ആരുടെയൊക്കെയോ ഓർമ്മക്കുറിപ്പിൽ കിടന്നിരുന്ന ഒരു ഗ്രാമം മുഴുവൻ മുക്കി കളഞ്ഞ പ്രളയം. പിന്നീട് അതുപോലെ ഒരു പ്രളയത്തിന് സാക്ഷ്യം വഹിക്കേണ്ടി വന്നവർ ഞങ്ങൾ ആയിരുന്നു. എന്നിരുന്നാലും നാട്ടുകാരുടെ ഒത്തൊരുമ അന്നു ഞാൻ കണ്ടു. ഒരാൾക്ക് തണലാവുകയാണ് മറ്റൊരാൾ അതായിരുന്നു എന്നെ ഇത്രയും സങ്കടപ്പെടുത്തി ഞങ്ങളുടെ സ്വപ്നങ്ങളും പ്രതീക്ഷകളും തകർത്തു കളഞ്ഞു. ഞങ്ങൾ ഒഴിക്കിയ വിയർപ്പ് നിഷ്ഫലം ആക്കി കളഞ്ഞ ആ പ്രളയ അനുഭവത്തിലെ, ആ ഓർമ്മയിലെ ഞാൻ കണ്ടെത്തിയ മധുരം.

written by

**Ameena P Shanavas**

**8 B**

# ഉബുണ്ടു




**പ്ര**മുഖ ഗ്നു/ലിനക്സ് വിതരണമായ ഡെബിയൻ ആധാരമാക്കി നിർമ്മിച്ചിരിക്കുന്ന ഒരു സ്വതന്ത്ര കമ്പ്യൂട്ടർ ഓപ്പറേറ്റിങ് സിസ്റ്റമാണ് ഉബുണ്ടു. വളരെ അധികം ജനപ്രീതിയാർജ്ജിച്ചൊരു ലിനക്സ് വിതരണമാണിത്. ദക്ഷിണാഫ്രിക്കൻ വ്യവസായിയായ **മാർക്ക് ഷട്ടിൽവർത്തിന്റെ** നേതൃത്വത്തിലുള്ള കാനോനിക്കൽ ലിമിറ്റഡ് എന്ന കമ്പനിയാണ് ഉബുണ്ടു സ്പോൺസർ ചെയ്യുന്നത്. സ്വതന്ത്ര സോഫ്റ്റ്‌വെയറായ ഈ ഓപ്പറേറ്റിങ് സിസ്റ്റത്തിന്റെ പേര് ദക്ഷിണാ ഫ്രിക്കയിലെ ഉബുണ്ടു തത്ത്വചിന്തയിൽ നിന്നും സൃഷ്ടിച്ചതാണ്.

ലളിതമായ ഇൻസ്റ്റലേഷനും ഉപയോഗക്ഷമതയുമുള്ള തുടർച്ചയായി നവീകരിക്കുന്ന, സ്ഥിരതയുള്ള ഓപ്പറേറ്റിങ് സിസ്റ്റമാണ് ഉബുണ്ടു. ജനപ്രിയങ്ങളായ ലിനക്സ് വിതരണങ്ങൾ കണ്ടെത്താനുള്ള സർവേയിൽ desktoplinux.com 2006-ലും, 2007-ലും ഉബുണ്ടുവിനെ തിരഞ്ഞെടുത്തിട്ടുണ്ട്. 2007 ൽ www.desktoplinux.com സംഘടിപ്പിച്ച, 38500 പേർ പങ്കെടുത്ത ഉപയോഗ നിർണ്ണയത്തിൽ, ലിനക്സ് ഡെസ്ക്ടോപ്പ് ഇൻസ്റ്റലേഷനുകളിൽ ഏകദേശം 30% പേർ ഉബുണ്ടു ഉപയോഗിച്ചിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്. 2010 ഏപ്രിലിൽ കാനോനിക്കൽ നടത്തിയ അവകാശവാദമനുസരിച്ച് ഉബുണ്ടു 1.2 കോടി ആൾക്കാർ ഉപയോഗിക്കുന്നുണ്ട്. ഇപ്പോൾ ലിനക്സ് ഉപയോഗിക്കു ന്നവരിൽ ഉബുണ്ടു ഉപയോഗിക്കുന്നവർ 50% ആണെന്ന് ഇന്റർനെറ്റ് ഉപയോഗത്തിന്റെ കണക്കുകളിൽ സമർത്ഥിക്കപ്പെടാറുണ്ട്, വെബ് സെർവറുകൾക്കിടയിലും ഉബുണ്ടു വ്യാപകമായിക്കൊണ്ടിരിക്കുന്നു.

ഓപ്പൺ സോഴ്സ് അനുമതിയുള്ള വിവിധ സോഫ്റ്റ്‌വേർ പാക്കേജുകൾ ഉപയോഗിച്ചാണ് ഉബുണ്ടു സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഗ്നു സാർവ്വ ജനിക അനുമതി (GNU General Public License) ആണ് പ്രധാന അനുമതി, ഒപ്പം തന്നെ ഗ്നു ലഘു സാർവ്വ ജനിക അനുമതിയും (GNU Lesser General Public License) ഉപയോഗിച്ചിട്ടുണ്ട്. ഇത് ഉപയോക്താക്കൾക്ക്, ഉബുണ്ടു പ്രവർത്തിപ്പിക്കാനും, വിതരണം ചെയ്യാനും, പകർത്താനും, മാറ്റം വരുത്താനും, പഠനങ്ങൾ നടത്താനും, വികസിപ്പിക്കാനും, അഴിച്ചുപണിയാനുമുള്ള അവകാശം നൽകുന്നു. കാനോനിക്കൽ ലിമിറ്റഡ് ആണ് ഉബുണ്ടുവിനായി പണം മുടക്കുന്നതെ ങ്കിലും, ഉബുണ്ടുവിനെ സ്വതന്ത്ര സോഫ്റ്റ്‌വേറായി നിർവ്വചിച്ചിരിക്കുന്നതിനാൽ സമൂഹത്തിലുള്ള വിദഗ്ധരുടെയും അവിദഗ്ധരുടെയും സേവനവും പ്രയോജനപ്പെ ടുത്താൻ കഴിയുന്നു. ഉബുണ്ടു വിൽക്കുന്നതിനു പകരം ഉബുണ്ടുവിനാവശ്യമായ സേവനങ്ങളും സാങ്കേതികസഹായവും പണം വാങ്ങി നൽകുന്നതുവഴിയാണ് കാനോനിക്കൽ പണം ശേഖരിക്കുന്നത്.

ഉബുണ്ടുവിന്റെ പുതിയ പതിപ്പുകൾ എല്ലാ ആറുമാസവും പുറത്തിറങ്ങുന്നു. അതിനു ശേഷം 18 മാസം ആ പതിപ്പിന് സഹായങ്ങളും ലഭ്യമാണ്. എൽ.ടി.എസ് (LTS - Long Term Support) എന്നറിയപ്പെടുന്ന പതിപ്പുകൾ രണ്ട് വർഷം കൂടു മ്പോൾ പുറത്തിറങ്ങുന്നു. ഇത്തരം പതിപ്പുകളുടെ ഡെസ്ക്ടോപ്പ് പതിപ്പുകൾക്ക് 3 വർഷവും, സെർവർ പതിപ്പുകൾക്ക് 5 വർഷവും ഔദ്യോഗിക സഹായം ലഭ്യമാണ്.

# വായനയുടെ പ്രാധാന്യം



ഒരു ഭാഷയിൽ എഴുതുന്നത് കാഴ്ചയിലൂടെയോ സ്പർശനത്തിലൂടെയോ മനസ്സിലാക്കുന്നതാണ് വായന. അച്ചടിച്ചതോ എഴുതപ്പെട്ടതോ ആയ ഭാഷയിൽ പ്രതിനിധീകരിക്കുന്ന ചിഹ്നങ്ങൾ, അടയാളങ്ങൾ, വിവരങ്ങൾ മനസ്സിലാക്കുന്നതിനുള്ള ഒരു വൈജ്ഞാനിക പ്രക്രിയയാണിത്. ഭാഷാജ്ഞാനം കൈവരിക്കുന്നതിനും, ആശയ-വിവര വിനിമയത്തിനുമുള്ള ഒരു ഉപാധിയാണ് വായന. നിരന്തരമുള്ള പരിശീലനവും, ശുദ്ധീകരണവും മെച്ചപ്പെടുത്തലും ആവശ്യമുള്ളതാണ് വായനാപ്രക്രിയ. ആശയം ഗ്രഹിക്കുന്നതിനും അർഥം മനസ്സിലാക്കുന്നതിനും വിവിധ വായനാതന്ത്രങ്ങൾ വായനക്കാരൻ ഉപയോഗിക്കുന്നു. വായന അറിവ് വർദ്ധിപ്പിക്കും. അധ്യാപകരെയും ഗവേഷകരെയും സംബന്ധിച്ചിട ത്തോളം വാക്ക് എന്നത് തിരിച്ചറിയൽ, അക്ഷരവിന്യാസം, അക്ഷരമാല, സ്വരസൂചകം, സ്വരസൂചക അവബോധം, പദാവലി, മനസ്സി ലാക്കൽ, ഒഴുക്ക്, പ്രചോദനം തുടങ്ങിയ മേഖലകൾ ഉൾപ്പെടുന്ന ഒരു ബഹുമുഖ പ്രക്രിയയാണ് വായന.

വായന സാധാരണയായി നിശബ്ദമായി ചെയ്യപ്പെടുന്ന ഒരു വ്യക്തിഗത പ്രവർത്തനമാണ്. എന്നിരുന്നാലും ചിലപ്പോൾ ഒരു വ്യക്തി

മറ്റ് ശ്രോതാക്കൾക്കായി ഉച്ചത്തിൽ വായിക്കുന്നു. അല്ലെങ്കിൽ നന്നായി മനസ്സിലാക്കാൻ സ്വന്തം ഉപയോഗത്തിനായി ഉറക്കെ വായിക്കുന്നു.

ഇന്ന് വായന കൂടുതലായും നടക്കുന്നത് പുസ്തകം, മാസികകൾ, വർത്ത മാനപ്പത്രങ്ങൾ, നോട്ടു ബുക്ക് തുടങ്ങിയഅച്ചടി മാദ്ധ്യമങ്ങ ളിലൂടെയോ, ടെലിവിഷൻ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ഇ ബുക്ക് തുടങ്ങിയ വയിലൂടെയോ ആണ്. പെൻസിലോ, പേനയോ ഉപയോഗിച്ചെഴുതിയ കൈയക്ഷര പ്രതികളിലൂടെയും വായന സംഭവിക്കുന്നുണ്ട്.

ആംഗലേയത്തിൽ റീഡ്(ഇംഗ്ലീഷ്: read) എന്നും അറബിയിൽ ഖിറാഅത്ത് എന്നുമാണ് വായനയുടെ പേരുകൾ. വിജ്ഞാനം നേടാനുള്ള ഒരു പ്രധാന വഴിയാണിത്. ഇതിനുവേണ്ടി ആദ്യകാലങ്ങൾ മുതൽ പുസ്തകങ്ങൾ ആണ് ഉപയോഗിച്ചിരുന്നത്. ഇന്ന് ഇ-വായന ഏറെ പ്രചരിക്കപ്പെട്ടു. എഴുത്തുകളാണ് എപ്പോഴും വായിക്ക പ്പെടുന്നതും വായിക്കപ്പെടേണ്ടതും വായനയുടെ സംരക്ഷണത്തിനു വേണ്ടിയാണ് ഗ്രന്ഥാലയങ്ങൾ നിലകൊള്ളുന്നത്. ഏറ്റവും ചെലവു കുറഞ്ഞതും എന്നെന്നും ഫലം ലഭിക്കുന്നതുമായ വിജ്ഞാന വിനോദോപാധിയാണ് വായന.

"വായിച്ചാലും വളരും വായിച്ചില്ലങ്കിലും വളരും.
വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും"

-കുഞ്ഞുണ്ണിമാഷ്

# ഇന്ത്യ

ദേശീയ ഗാനം : ജനഗണമന

ദേശീയ കലണ്ടർ : ശകവർഷം

ദേശീയ വൃക്ഷം : ആൽമരം

ദേശീയ പക്ഷി : മയിൽ

ദേശീയ മൃഗം : കടുവ

ദേശീയ പുഷ്പം : താമര

ദേശീയ വിനോദം : ഹോക്കി

ദേശീയ ചിഹ്നം : സിംഹമുദ്ര



# NEVER LIE

Adam had learned from his friends that lying is the easiest way out of any situation. So he become found of lying and enjoyed telling small lies. when his parents caught him and wanted him against telling lies, he shrugged them off, saying lies never harm anyone! Adam's father decided to explain to him why lying is bad.

One evening, Adam and his father walking down the street with some groceries. Just then, they saw a car rammed into a book store. Adam's father asked a man what happened and be replied, "The car driver lied to his father that be could see without Spectacles. They both were in the car when the accident happened, the father is seriously hurt. I'm sure the boy regrets ever lying!" Adam's Father looked at Adam and said, "see Adam, a lie is so dangerous! It can hurt people!". Adam realized the huge lost of lie and stopped lying.

The end...

**ADHIN P ANIL**
**IX. B**

# ഒരു യാത്ര

**ഒ**രിക്കൽ ഒരു അരുൺ എന്ന ചെറുപ്പക്കാരൻ തീരുമാനിക്കുകയാണ് താൻ എങ്ങനെങ്കിലും ഈ ലോകത്തെ ഒന്നു ചുറ്റിക്കാണണം എന്ന്. എന്നാൽ അവന്റെ കൈയിൽ അതിനുള്ള പണം ഒന്നു ഉണ്ടായിരുന്നില്ല. അവൻ തന്റെ വീട്ടുക്കാരൊടും സുഹൃത്തുക്കളോടും തന്റെ ഈ ആഗ്രഹത്തെക്കുറിച്ച് പറഞ്ഞിരുന്നു. അപ്പോൾ അവനെ അവർ പരിഹസിച്ചു. നിനക്ക് ഇതൊന്നു ചെയ്യാൻ കഴിയില്ല എന്ന്. അവൻ അങ്ങനെ ലോകത്തെ എങ്ങനെങ്കിലും കാണണം എന്ന ലക്ഷ്യത്തിൽ അനേകം ജോലികൾ ചെയ്ത് പണം സംമ്പാധിച്ച് ശേഖരിച്ച് വെക്കുകയാണ്. ഒരു ദിവസം അങ്ങനെ അവന്റെ ആ ഒരു കുടുക്ക നിറഞ്ഞു. ഒരോ ദിവസവും കൂട്ടുംബോൾ കുടുക്കയിൽ പണം നിറയുന്നതുപ്പോലെ അവന്റെ യാത്രയെക്കുറിച്ചുള്ള സ്വപ്നവും തന്റെ മനസ്സിൽ നിറയുകയാണ്.

അങ്ങനെ അവൻ തന്റെ ലക്ഷ്യത്തിന് വേണ്ടിയുള്ള പണം കഷ്ടപ്പെട്ട് ഏദേശം ഒന്നരവർഷത്തെ പരിശ്രമത്തിനുശേഷം സംബാധിക്കുകയാണ്. അവൻ തന്റെ കൂട്ടുക്കാരോടു എല്ലാവരോടും പറയുകയാണ് ഞാൻ എന്റെ സ്വപ്നത്തെ സഫലമാക്കാൻ പോവുകയാണ്. അങ്ങനെ അവൻ യാത്രക്കുള്ള സമയം അടുത്തു. രാത്രിയിൽ കിടക്കുമ്പോൾ മുഴുവൻ നാളത്തെ കുറിച്ചുള്ള തന്റെ യാത്രയുടെ ചിന്തയാണ് മനസ്സിൽ മുഴുവൻ.

അപ്പോൾ പെട്ടന്ന്.....

രാത്രി അവന്റെ അമ്മയുടെ മുറിലിൽ നിന്നും ഒരു ശബ്ദ്ദം. ചെന്നു നോക്കിയപ്പോൾ അവന്റെ അമ്മ ബോധംക്കെട്ട് കട്ടിലിൽനിന്ന് നിലത്തേക്ക് വീണ് കിടക്കുന്നു. അവൻ അപ്പോൾ തന്നെ അവന്റെ അമ്മയെ ആശുപത്രയിൽ എത്തിച്ചു. അതുകൊണ്ട് അമ്മയുടെ ജീവൻ

സംരക്ഷിക്കാൻ സാധിച്ചു. പക്ഷെ ഡോക്ടർ പറഞ്ഞു ഒരു ഓപ്പറേഷൻ വേണം എന്ന്. അതിനുവേണ്ടി ഏകദേശം രണ്ടരലക്ഷത്തോളം രൂപ ആവശ്യമായിട്ടുണ്ട്. അവൻ ആ നിമിഷം അതുകേട്ടപ്പോൾ ആകെ തകർന്നുപ്പോയിരുന്നു. എങ്കിലും തന്റെ അമ്മയുടെ ജീവനേക്കാൾ വലുതാണോ തന്റെ യാത്രയായി ഈ സ്വപ്നം? അങ്ങനെ അവൻ ശേഖരിച്ചു വെച്ച തന്റെ പണം അതിനായി ചിലവഴിച്ചു.

എന്നാൽ പക്ഷെ....

അവന്റെ അമ്മയുടെ ഓപ്പറേഷൻ പരാജയപ്പെട്ടു. അവന്റെ അമ്മ അവനെ വിട്ട് പോയിരിക്കുന്നു. ഇതിനു മുമ്പ് അവന്റെ അച്ഛൻ ഒരു അപകടത്തിൽ മരിച്ചിരുന്നു. ഇപ്പോൾ അവന് ആരും തന്നെ ഇല്ല. അവന്റെ മാതാപിതാക്കളും അവനെ വിട്ട് പോയി. അവന്റെ സ്വപ്നത്തിനുവേണ്ടി ശേഖരിച്ചു വെച്ച പണവും പോയി.

മരണക്കിടക്കയിലായിരുന്നപ്പോൾ അവന്റെ അമ്മ അവനോട് പറഞ്ഞിരുന്നു. "മോനെ യാത്ര ചെയ്യാനായി കയ്യിൽ പണം വേണമെന്നൊന്നും ഇല്ല. ലക്ഷ്യത്തിൽ എത്തും എന്നുള്ള ഓരൊറ്റ തീറ്റമനം മതി. പിന്നെ നീ യാത്ര ചെയ്യുമ്പോൾ നിനക്കായി ഒരു സുഹൃത്തിനെ ദൈവം നിന്റ്ടുക്കിലേക്കെത്തിക്കും”.

അങ്ങനെ അവൻ ഒരു തീരുമാനം എടുത്തു. കൈയിൽ പണമില്ലെങ്കിലും എങ്ങനെങ്കിലും താൻ ഈ ലോകത്തെ മുഴുവൻ ചുറ്റി സഞ്ചരിക്കും എന്ന്. അങ്ങനെ അവൻ അവന് ആകെ ഉണ്ടായിരുന്ന ഒരു സൈക്കിൾ എടുത്ത് യാത്ര ആരംഭിച്ചു. പോകുന്ന വഴിയിലുള്ള ഓരോരൊ കടയിൽ നിന്ന് ജോലിചെയ്ത് പണം വാങ്ങി അതിന് ഭക്ഷണം വാങ്ങി കഴിക്കുകയും ഒരോ കടത്തിണ്ണയിൽ കിടന്ന് ഉറങ്ങിയും അവൻ യാത്ര തുടർന്നു. അവൻ അങ്ങനെ യാത്ര ഒക്കെ ചെയ്ത് അവശനായി ഇരിക്കുമ്പോൾ ഒരു ചെറിയ മൂളൽ കേട്ടു. അവിടെ ചെന്ന് നോക്കിയപ്പോൾ ഒരു നായക്കുട്ടി ആകെ അവശനായി കിടക്കുന്നു. ആ

നായയുടെ അമ്മയായ നായ അരികിൽ ചത്തുകിടക്കുന്നു. അതു കണ്ടപ്പോൾ അവന് അതിനെ വിട്ടിട്ട് പോകാൻ കഴിയുന്നില്ല. അവൻ ആ നായക്കുട്ടിയെ തന്റെ യാത്രയിൽ കൂടെ കൂട്ടി. അതിന് 'സിംബ' എന്ന് പേരിട്ടു.

അങ്ങനെ അവൻ തന്റെ യാത്ര അവനോടൊപ്പം ആരംഭിച്ചു. പിന്നീട് എന്തന്ന് അറിയില്ല അവന് തന്റെ യാത്ര ഒരു മടുപ്പും തോന്നിയിരുന്നില്ല. രാത്രിയിൽ റോഡിനരികിൽ കിടന്നുറങ്ങുമ്പോൾ തന്റെ കൈയിലുള്ള സാധനങ്ങൾ മോഷ്ടിക്കാൻ വരുന്ന ആളുകളെ സിംബ ഓടിക്കാറുണ്ട്.

ഏകദേശം മൂന്ന് മാസം കഴിഞ്ഞ് അവന് എറ്റവും ഇഷ്ടപ്പെട്ട സ്ഥലത്ത് അവർ എത്തി "ലഡാക്ക്."
ആ നിമിഷം അവൻ സിംബയെ നേക്കി ശരിക്കും അവനെക്കാൾ സന്തോഷം സിംബക്കാണ്. അവന്റെ സ്വപ്നമാണ് ഇവിടെ എത്തണം എന്ന് തോന്നിപ്പോകും. അപ്പോൾ അവൻ ഒരു കാര്യം ഓർമ്മിച്ചു അന്ന് അവന്റെ അമ്മ പറഞ്ഞതുപ്പോലെ ഇവനെയായിരിക്കും ദൈവം എനിക്കുവേണ്ടി അയച്ച ആ സുഹൃത്ത്.
അങ്ങനെ അവരുടെ യാത്ര തുടർന്നു കൊണ്ടെ ഇരിക്കുന്നു.

***************

**RISAN K RAJU**
**IX. E**

# POEM

## FLOWER

The flower is a pure and
beautiful creation of nature. They
surround us at every phase of
our life. They are the source of joy,
happiness, sweetness, beauty, etc.
Flowers like the roses, lotuses,
tropical water lilies, dalias, etc. are
famous for their beauty and glamour.
As the life of a flower starts as a
small bud then when the bud grow
up the petals of flower come out of
the bud and blossom and spread
its sweet smell in the surrounding.

**AARCHA RATHISH**
**IX. B**

# ഒറ്റപ്പെട്ട തിരമാലകൾ

ഒരുപാട് സങ്കടങ്ങളും വിഷമങ്ങളും പ്രയാസവും നിറഞ്ഞ ഒരു ജിവിതത്തെ ചിരിച്ച് നേരിട്ട ജീവിത അനുഭവം. ഒരു പതിനഞ്ചും വയസ്സുള്ള ചെറുപ്പക്കാരിയുടെ ദുരിതങ്ങളും കഷ്ടപ്പിടകളും സങ്കടങ്ങളും നിറഞ്ഞ ഒരു അനുഭവ കഥ.

തിരമാലകൾ അലതല്ലുന്ന ശബ്ദം അവൾക്ക് കേൾക്കാമായിരുന്നു. അതൊന്നും കേട്ടതായി ഭാവിക്കാതെ അവൾ ഏതോ ലോകത്തിലൂടെ സഞ്ചരിക്കുകയാണ്. തന്റെ ജീവിതത്തിലെ ഒറ്റപ്പെട്ട ദിവസങ്ങളും തന്റെ ചുറ്റുമുള്ളവരുടെ കുത്തിയുള്ള സംസാരവും അവളെ വല്ലാതെ അലട്ടുന്നുണ്ടായിരുന്നു..... ആരും കാണാതെ കരഞ്ഞ് തിർത്ത രാത്രികൾ... അതൊക്കെ ഓർക്കും തോറും അവളുടെ കണ്ണുകൾ അനുസരണയില്ലാത്ത ഒഴുകികൊണ്ടേയിരുന്നു. തന്റെ പ്രാണനായ ഉപ്പയും ഉമ്മയും തന്നെ ഈ ഭൂലോകത്ത് തനിച്ചാക്കി പോയ ദിവസം... തന്റെ ജീവിതം അവസാനിച്ചെന്ന് കരുതിയ ദിവസം.... ഇതൊന്നും അവൾക്ക് ഓർക്കാൻ പോലും കഴിയുണ്ടായിരുന്നില്ല... അതിനെ ശേഷം അവൾ പതിയെ സ്കൂളിലേക്ക് പോവാൻ തടങ്ങി... അപ്പോഴും അവൾക്ക് കേൾക്കാമായിരുന്നു പലരും അവളെ കാറിച്ച് പലതും പറയുന്നത്. ഒന്ന് ചിരിച്ച് കാണിച്ചാൽ പറയും ഉപ്പയും ഉമ്മായും മരിച്ചിട്ടും അവളുടെ അഹങ്കാരത്തിന് ഒരും കറവും ഇല്ലാന്ന്.....

തനിക്ക് ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥ.... പിന്നെ ചിലരുടെ വാക്കുകൾ മനസ്സിൽ വല്ലാത്ത ഒരു പിന്നെ വേദനയായി മാറും...."ഇവൾ പഠിച്ചിട്ടും വലിയ കാര്യം ഒന്നുല്ല.... ഏതായാലും ഉമ്മയും ഉപ്പയും ഇല്ലാത്ത കുട്ടിയാ... വേഗം അങ്ങ് കെട്ടിച്ച് വിട്ടാൽ നിങ്ങളുടെ ഭാരം തീരും"..... പക്ഷെ അപ്പോഴും തന്റെ മനസ്സിൽ പഠിക്കണം നല്ല നിലയിൽ എത്തണം. തന്നെ കുത്തി നോവിച്ചവരുടെ മുന്നിൽ ജീവിച്ച കാണിക്കണം എന്നായിരുന്നു. ഇതൊക്കെ ചിന്തിക്കുമ്പോഴും അവളുടെ കണ്ണുകൾ ഒഴുകുന്നുണ്ടായിരുന്നു.


അവളുടെ പിന്നിൽ നിന്ന് റീന എന്നെ ഒരു വിളിയിലായിരുന്നു അവൾ സുബോധത്തിലേക്ക് വന്നത്........

ഒരു പുഞ്ചിരിയോടെ അവളും കണ്ണുനീർ തുടച്ച് അവൾ അവിടെ നിന്ന് നടന്നു നീങ്ങി...........

**ഫാത്തിമ ഒ എസ്**

**IX. D**

# ചിത്രം


JUNE
WORLD
ENVIORNMENT
DAY
LEND A
HAND TO
SAVE THE NATURE
Annmary Sebastian
VIII D
St:Antony's high
School Mundakayam

# ചിത്രം CRAYONS



**Abhishek A**
**IX. D**

# Nature

She wake me in the morning.
with chilling breeze and the chirping of birds.
I take cup breaths enjoying her.
She gave me the key to her songs
which are melodious and really overwhelming.
    She broke my sadness when in need
    And gave it away happiness indeed
    She took my pain like breeze
    And gave it away to peace.
She coursed me with love.
And showered me with love.
when I cried she made me laugh
with the her wonderful talents
which amazed me forever.
    when I sat for tea unhappily
    She made a wonderful senary.
    Just to make me happy.
For her,
May it be noon,
or night or dawn.
From dusk till dawn
She makes me her own.
    The women who I trusted
    blindly for ever and ever.
    The one and only
    "MOTHER NATURE'
    My beloved mother.
    I trust you...
    I believe you.....
    I love you......

**Mareetta Ratheesh**
**IX. E**

# NATURAL DISASTERS EFFECT

It just a second ago.
I swear I fell it ran over me:
And it look everything I had.
Every last bit of it.
    It was just the same breeze:
    The same breeze which made me happy.
    In just a second who threw me away.
I feared that it would destroy me.
Once in for all.
    Dancing breeze and gentle droplets
    All came one as my nightmares
    My biggest nightmare yet.
The same thing which shocked my hairs
Blew off my dearest home.
The same thing that refreshed me,
became the destructor of all.
    Now my nome is just few bricks
    wet and soaked in puddles of water.
I wish it was all dream,
where all these things will go away.
    I wish..... I wish..... I really wish.
    To have my home back;
    Once again.
I wish.... I wish.... I really wish
that this STORM;
this HEAVY STORM
was all just simply a little dream.

**Sredha Sunny**
**IX. E**

# PENCIL DRAWINGS



**DONA SOJI**
**IX. C**



**ANAMIKA P MAHESH**
**IX. C**

# "അധ്വാനിച്ചാൽ എന്തും നേടാം"

ഒരിക്കൽ ഒരിടത്ത് ഒരു ധനികനായ കൃഷിക്കാരൻ ഉണ്ടായിരുന്നു. അയാൾക്ക് മൂന്നു മക്കൾ ഉണ്ടായിരുന്നു.. അയാൾക്ക് ഇനി അധികകാലം ഇല്ലെന്നറിഞ്ഞ അദ്ദേഹം തന്റെ മൂന്ന് മക്കളെ വിളിച്ചിട്ട് പറഞ്ഞു "മക്കളെ എനിക്ക് നിങ്ങളോട് ഒരു കാര്യം പറയാൻ ഉണ്ട് . നമ്മുടെ പൂർവികർ മുതൽ കൈയറി കൊണ്ടുവരുന്ന ഭൂമിയാണ് ഏതെല്ലാം, ഇതൊന്നും നിങ്ങൾ വിൽക്കരുത്. അതിൽ എവിടെയോ ഞാൻ ഒരു നിധിവെച്ചിട്ടുണ്ട്. എവിടെയാണെന്ന് എനിക്ക് ശരിക്ക് ഓർമയില്ല. പക്ഷേ തീർച്ചയായും അതുണ്ട്. ഇത്രയും പറഞ്ഞിട്ട് അദ്ദേഹം മരിച്ചു. മക്കൾ മൂന്നു പേരും വയലിൽ എല്ലായിടത്തും കിളച്ചു മറിച്ചു. ഒരുപാട് അധ്വാനിച്ചിട്ടും നിധി കിട്ടിയില്ല. പിന്നെ അവർ ആ വയലിൽ ധാന്യങ്ങൾ വിതച്ചു. വിളവെടുപ്പ് കഴിഞ്ഞപ്പോൾ അവർ പ്രതീക്ഷിച്ച തിലും അപ്പുറം ലാഭം ലഭിച്ചു. ആ നാട്ടിൽ ആർക്കും ഇല്ലാത്ത അത്രയും പണമാണ് അവർക്ക് ലഭിച്ചത്. അവരുടെ പിതാവ് പറഞ്ഞ നിധി എന്തണെന്ന് അവർക്ക് അപ്പോഴാണ് മനസ്സിലായത്. അവരുടെ കൃഷി സ്ഥലത്തു നിന്നു തന്നെ അവർക്ക് നിധി കണ്ടെത്താൻ കഴിഞ്ഞു. അവൻ അങ്ങനെ സന്തോട്ടത്തോടെ ജീവിച്ചു.

നന്ദി.

**Ansan P. Sulshad**
**IX. B**


# ചിത്രം




**HARSHA P M**
**VIII. E**



**ANNMARY SEBASTIAN**
**VIII. D**



**LINTO LUIS**
**VIII. B**

# WATER COLOUR



**NAYANA SHIJI**
**VIII. C**

# മികവുതെളിയിച്ച വിദ്യാർഥികൾ




കേന്ദ്രസർക്കാരിന്റെ
നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ് (NMMS 2022-23)
നേടിയ മുണ്ടക്കയം സെന്റ് ആന്റണീസ് ഹൈസ്കൂളിലെ
വിദ്യാർത്ഥികൾ
Asina Binu
Avanthika Rajeev
Anix Saji
Arjun P.A.
Aromal T. Kochumon
Aadhish M. Biju
Amrutha Jayan
Archana A.
Arabhi A.S.
Aliya P. A.
Elena Sanju
Jeswin Roy
Jo Antony
Mariya Sara Sony
Tresa Biju
T. M. Swaminathan
Vijay Varghese
Vishnu R.

# പ്രകൃതി

എത്ര മനോഹഹരമീ പ്രകൃതി
സുന്ദരമായ മലനിരകളും തോടുകളും
കുന്നുകളും സസ്യശ്യാമളമെൻ പ്രകൃതി
അതൊന്നും ഓർമയിൽ മാത്രം.
സുന്ദരമായ പ്രകൃതിയിൽ മനുഷ്യനിർമിത
കെട്ടിടങ്ങളാണെൻ ഉയർന്നുനിൽക്കുമ്പോൾ
നാമിന്നിതിനെ ഫ്ളാറ്റുകളെന്നും മറ്റും വിളിക്കുന്നു.
ഹരിതാഭമായ മുറ്റങ്ങളെയും പറമ്പുകളെയെയും
ഇന്റർലോക്ക് ചെയ്തു മഴ വെള്ളത്തെ
ഭൂമിയുടെ അടിത്തട്ടിലേക്ക് വിടാതെ
വെറുതെ ഒഴുക്കിവിട്ട് പ്രളയം പോലുള്ള
മഹാമാരിവരുത്തി നമ്മുടെ പ്രകൃതിയെ
നാം തന്നെ നശിപ്പിക്കുന്നു.
ഭൂമിയിൽ വളരേണ്ട ഭൂമിയുടെ മണ്ണിൽ
വളരെണ്ട സസ്യജാലകളെ ഇന്ന് വെറും
ചട്ടികളിലാക്കി മുറ്റങ്ങളിൽ വയ്ക്കുന്നു.
മണ്ണിൽ വിളയുന്ന സസ്യങ്ങളെ ചട്ടിയിലാക്കി
വിറ്റു കാശാക്കാനും ഇന്നത്തെ തലമുറ മടിക്കുന്നില്ല.
ഹരിതാഭമാർന്ന സസ്യജാലങ്ങളേയും
വംശനാശം സംഭവിക്കുന്ന ജീവജാലകളീയും
ഇന്നത്തെ തലമുറ കാണാവാൻ വേണ്ടി
ഫാന്റസി വേർഡുകൾ പോലുള്ള
സ്ഥാലകളിൽ നമ്മുടെ മക്കളെയെയും കൂട്ടി
കാശുകൊടുത്ത് ടോക്കൺ എടുത്ത് ക്യൂവിൽ നിന്ന്
നമ്മുടെ പഴേതലമുറ എന്തെന്ന് കാണിക്കേണ്ട
ഒരു അവസ്ഥയാണ് ഇന്ന് നമ്മുടെ ലോകത്തിന്റേത്.....

**SREEHARI R SUNEESH**
**VIII. E**

# TECHNOLOGY AND INTERNET

## QUOTES

The most important and urgent Problems of the technology of today are no longer the satisfactions of the primary needs or of archetypal wishes, but the reparation of the evils and damages by technology of Yesterday.

Dennis Gabor

# INTERNET

## ▶ ADVANTAGES

- Easier means of communication
- Aceess to unlimited Information
- Allows selling products and services online
- Abundance of entertainment options
- Help Boost Sales through online marketing
- Allows using Banking services online.

## ▶ DISADVANTAGES

- Leads to cyber crimes
- Affects your physical health
- Causes Addiction $ social Alienation
- Raises privacy Issues
- Contains misleading information
- Consists of Inappropriate content

## INTERNET SAFETY

▶Safe

- Ensure personal information and passwords are kept private.

▶Meet

Never meet with an onlbe friend in person, even if you think you know that person well.

▶Accept

- Not all of the in Do not accept emails, instant messages and friend requests from people you do not know.

▶Reliable

-Not all of the information or People online are reliable. There is a lot of false information.

▶Tell


- Tell a trusted adult if anyth ing online makes you feel uncomfortable.

# POEM

## DIGITAL WORLD

The world was all manual
Everything made by bands,
But has developed,
alas Gadgets of digital kind.
Most factories running
On Automatic machines,
The places by autopilot
The cars also becoming
More automated,
The man from the bushes
Has come a long way.
To be led by gadgets
And computers in future.

## Poster



## TECHNOLOGY ADDICTION

People are getting dependent and addicted to technology. Technology plays an important rode in the development of a country. without technology, survival would be very difficult. one of the most Common technologies used by everyone Is mobile phones. The web allows people to interact, play video and for information.

People spend most of the time watching movies and communicating via mobile phones. Overuse of mobile phones leads to many problems like damage to the eardrum, headache and many more. People are now so addicted to these technological devices that they trust more than humans. It is very Important to protect yourself and your loved ones for this addiction.

VIII. E

ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യോറാക്കിയ ഇ-മാഗസീനിൽ ഞങ്ങളോട് സഹകരിച്ച എല്ലാ കൈറ്റ് അംഗങ്ങൾക്കും ഞങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ തന്ന് സഹായിച്ച സ്കൂൾ ഹെഡ്മാസ്റ്റർ, മറ്റ് അദ്ധ്യോപകർ എല്ലോവരോടും ഞങ്ങൾക്കുള്ള നന്ദി......

